**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

## വിജ്ഞാപനം

## പി.ജി.(എം.എസ്.സി.) നഴ്സിംഗ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം-2025 മോപ് അപ് അലോട്ട്മെന്റിന് ശേഷം വിവിധ സർക്കാർ/സ്വാശ്രയ കോളേജുകളിൽ നിലനിൽക്കുന്ന ഒഴിവുകളിലേയ്ക്കുള്ള പ്രവേശനം - തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

പി.ജി. (എം.എസ്.സി.) നഴ്സിംഗ് കോഴ്സുകളിലേക്കുള്ള മോപ് അപ് അലോട്ട്മെന്റിന് ശേഷം വിവിധ സർക്കാർ/സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ നിലനിൽക്കുന്ന ഒഴിവുകളിലേക്കുള്ള പ്രവേശനം സംബന്ധിച്ച 28.10.2025-ന് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ തുടർച്ചയായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നു.

1. ഒഴിവുള്ള സീറ്റുകളിൽ പങ്കെടുക്കാൻ അർഹരായ അപേക്ഷകരുടെ ലിസ്റ്റ് **www.cee.kerala.gov.in**എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
2. കേരളത്തിലെ സർക്കാർ നഴ്സിംഗ് കോളേജുകളിൽ ഒന്നാം ഘട്ട , രണ്ടാം ഘട്ട അല്ലെങ്കിൽ മോപ് അപ് അലോട്ട്മെന്റ് വഴി സർക്കാർ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ അപേക്ഷകർക്ക് , അതേ സ്പെഷ്യാലിറ്റിയിലുള്ള മറ്റ് സർക്കാർ നഴ്സിംഗ് കോളേജുകളിലെ ഒഴിവുകളിലേക്കുള്ള പ്രവേശനത്തിനായി പങ്കെടുക്കാൻ അർഹതയുണ്ടാകില്ല. അതുപോലെ, സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ സർക്കാർ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ അപേക്ഷകർക്കും അതേ സ്പെഷ്യാലിറ്റിയിലുള്ള മറ്റ് സ്വാശ്രയ നഴ്സിംഗ് കോളേജുകളിലെ ഒഴിവുകളിലേക്കുള്ള പ്രവേശനത്തിനായി പങ്കെടുക്കാൻ അർഹതയുണ്ടാകില്ല. എങ്കിലും, സ്വാശ്രയ നഴ്സിംഗ് കോളേജിലെ സർക്കാർ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ ഒരു അപേക്ഷകർക്ക് അതേ/മറ്റേതെങ്കിലും വിഷയത്തിൽ സർക്കാർ നഴ്സിംഗ് കോളേജിലും തിരിച്ചും ഒഴിവുകളിലേക്ക് പ്രവേശനം നേടുന്നതിനായി പങ്കെടുക്കാൻ അനുമതിയുണ്ടാകും
3. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള **നിലവിൽ പ്രവേശനം നേടിയിട്ടില്ലാത്ത** അപേക്ഷകർ ടി.സി. ഉൾപ്പെടെയുള്ള എല്ലാ രേഖകളും ഒറിജിനൽ സഹിതം ബന്ധപ്പെട്ട കോളേജ് അതോറിറ്റിയുടെ മുമ്പാകെ **30.10.2025 രാവിലെ 10.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണിയ്ക്കകം**റിപ്പോർട്ട് ചെയ്യണം. <u>നിലവിൽ പ്രവേശനം ഉള്ള അപേക്ഷകർ പ്രവേശനം ലഭിച്ച കോളേജുകളിൽ നിന്നും ലഭ്യമായ അഡ്മിഷൻ സ്ലിപ്പും എല്ലാ രേഖകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി സഹിതം ബന്ധപ്പെട്ട കോളേജ് അതോറിറ്റിയുടെ മുമ്പാകെ ഹാജരായാൽ മതിയാകും.</u>
4. സർട്ടിഫിക്കറ്റ് പരിശോധനക്ക് ശേഷം റിപ്പോർട്ടിംഗ് സമയം അവസാനിക്കുന്നതിനു മുന്പ് **റിപ്പോർട്ട് ചെയ്ത എല്ലാ അപേക്ഷകരും** ഫീസ് അതത് കോളേജുകളിൽ അടയ്ക്കണം.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

Signed by
Arun S Nair
Date: 29-10-2025 17:28:04

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
29-10-2025